(ബി) കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ (CIAL) സബ്സിഡിയറി കമ്പനിയായ സിയാൽ ഇൻഫ്രാസ്ട്രക്ചർ കമ്പനിയാണ് പദ്ധതി ഏറ്റെടുത്തിട്ടുള്ളത്.

(സി) പദ്ധതിക്കാവശ്യമായ ഭൂമിയുടെ 80 ശതമാനത്തോളം സിയാൽ കമ്പനി ഏറ്റെടുത്തു കഴിഞ്ഞു. ബാക്കി സ്ഥലം ഏറ്റെടുക്കുവാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) 4.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന ഈ പദ്ധതിയിൽ നിന്ന് വർഷത്തിൽ 14.7 മില്യൺ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഉല്പാദിപ്പിക്കുന്ന വൈദ്യുതി കേരള സംസ്ഥാന വൈദ്യുത റെഗുലേറ്ററി കമ്മിഷൻ നിശ്ചയിക്കുന്ന യൂണിറ്റ് റേറ്റിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകുന്നതാണ്. പദ്ധതി 30 വർഷത്തേക്ക് BOOT അടിസ്ഥാനത്തിലാണ് അനുവദിച്ചിരിക്കുന്നത്. 30 വർഷത്തിനുശേഷം സർക്കാരിലേക്ക് പദ്ധതി തിരിച്ചു നൽകേണ്ടതാണ്.

വൈദ്യുതി ചാർജ്ജ്

26 (3179) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

വൈദ്യുതി ചാർജ്ജ് നിർണ്ണയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, ഈ സാമ്പത്തിക വർഷത്തിൽ നാളിയുവരെ താരിഫ് പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നുംതന്നെ റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടില്ല.

വൈദ്യുതി ബോർഡിലെ നിയമനം

27 (3180) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ; എങ്കിൽ ഒഴിവുകളിലേയ്ക്ക് ഏത് രീതിയിൽ നിയമനം നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൈദ്യുതി ബോർഡിന്റെ പ്രസരണമേഖലയിൽ സ്ഥിരം ജീവനക്കാരെ ഒഴിവാക്കാനും പകരം കരാർ നിയമനം നടത്താനും ബോർഡ് തീരുമാനമെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) അതീവ സുരക്ഷയും ജാഗ്രതയും ആവശ്യമുള്ള സബ് സ്റ്റേഷനുകളിൽ സ്ഥിരം ജീവനക്കാരെ ഒഴിവാക്കി മുൻപരിചയമില്ലാത്ത ജീവനക്കാരെ നിയമിക്കുന്നത് ഉചിതമാണെന്ന് കരുതുന്നുണ്ടോ;

(ഡി) പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തുകയും കരാർ നിയമനങ്ങൾ ഒഴിവാക്കുകയും ചെയ്യുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) എല്ലാ ക്വാട്ടകളിലുമായി നിലവിൽ 250 ഒഴിവുകളുണ്ട്. 40% ക്വാട്ടയിലെ ഒഴിവുകൾ പി.എസ്.സി. വഴി നേരിട്ടും, 10% ക്വാട്ടയിലെ ഒഴിവുകൾ യോഗ്യരായ ബോർഡ് ജീവനക്കാരിൽ നിന്നും പി.എസ്.സി. വഴിയും, 30% ക്വാട്ടയിലെ ഒഴിവുകൾ ഡിപ്ലോമ യോഗ്യതയുള്ള സബ് എഞ്ചിനിയർമാരിൽ നിന്നും പ്രൊമോഷനിലൂടെയും, 20% ക്വാട്ടയിലെ ഒഴിവുകൾ ഐ.റ്റി.ഐ. സർട്ടിഫിക്കറ്റുള്ള സബ് എഞ്ചിനീയർമാരിൽ നിന്നും പ്രൊമോഷനിലൂടെയും നികത്താനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഇത്തരത്തിൽ തീരുമാനമെടുത്തിട്ടില്ല.

(സി) ബാധകമല്ല.

(ഡി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയാണ് നടത്തുന്നത്. സ്ഥിരം തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ ആരെയും നിയമിച്ചിട്ടില്ല. ഫീൽഡ് തലത്തിൽ അടിയന്തര സ്വഭാവമുള്ള ജോലികൾക്ക് പുറം കരാർ നൽകാറുണ്ട്.

വൈദ്യുതി വകുപ്പിലെ കരാർ ജീവനക്കാർ

28 (3181) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി വൈദ്യുതി വകുപ്പിൽ പണിയെടുക്കുന്ന കരാർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ബോർഡും സർക്കാരും സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഈ വിഭാഗത്തിൽ സംസ്ഥാനത്ത് എത്ര ജീവനക്കാർ പണിയെടുക്കുന്നു എന്നറിയിക്കാമോ. ഇവരെ ബോർഡിൽ സ്ഥിരം തൊഴിലാളികളായി നിയമിക്കുന്ന കാര്യം പരിശോധിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly